# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1017 | 10.08.2017-ൽ മറുപടിയ്ക്ക് |

## കോതമംഗലം തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപാസ് റോഡ് -നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ആന്റണി ജോൺ | | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കോതമംഗലം തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപാസ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നാളിതുവരെ എത്ര തുകയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്; | (എ) | തങ്കളം-കോഴിപ്പിള്ളി ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 391 ലക്ഷം രൂപയും, കുരൂർ പാലത്തിന് 240 ലക്ഷം രൂപയും, സ്ഥലമേറ്റെടുപ്പിനായി ഇതുവരെ 948 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത തുകയ്ക്കുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രമാത്രം തുകയുടെ പ്രവൃത്തികളാണ് പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളത്; | (ബി) | ഇല്ല. 62,93,714/- രൂപയുടെ പണികൾ പൂർത്തീകരിച്ചു. |
| (സി) നിലവിൽ നിർമ്മാണ പ്രവർത്തനം നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണ് തടസ്സപ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;<br>(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മാത്രം സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്; | (സി) & (ഡി) | ഇല്ല. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 11 മിസ്സിംഗ് സർവ്വേ നമ്പറുകളും, സർവ്വേ നമ്പർ മാറിയ തർക്കങ്ങളും നിലനിൽക്കുന്നതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്. |
| (ഇ) നിർമ്മാണ പ്രവർത്തനങ്ങളുടെ തടസ്സം ഒഴിവാക്കാൻ നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ഇ) | എം.എൽ.എയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം ചേരുകയും, പ്രസ്തുത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മിസ്സിംഗ് സർവ്വേ നമ്പറുകളും, മാറിപ്പോയ സർവ്വേ നമ്പറുകളും ഉൾപ്പെടുത്തി റിക്വസിഷൻ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | സ്ഥലം ഏറ്റെടുക്കുന്നതിനും, നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 15 കോടി യുടെ പുതിയ റിക്വിസിഷൻ നൽകിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് തഹസീൽദാർ ഓഫീസിൽ നിന്നും ബി.പി.ആർ തയ്യാറാക്കി പൂർത്തീകരിക്കുന്നതിനുള്ള നടപടി എന്തായി എന്ന് വ്യക്തമാക്കുമോ; | (എഫ്) | സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റിക്വസിഷൻ നൽകിയിട്ടുണ്ട്. തഹസീൽദാർ ഓഫീസിൽ നടപടികൾ പൂർത്തീകരിച്ചു വരുന്നു. |
| (ജി) | റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ജി) | റവന്യൂ വകുപ്പ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറുന്ന മുറയ്ക്കു മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ